**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1492** **19-01-2021 - ൽ മറുപടിയ്ക്ക്**

**കയ്പ്പാട് കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ടി . വി. രാജേഷ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ വട്ടുവം ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിൽ പരമ്പരാഗത കയ്പ്പാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് രണ്ടാംഘട്ടമായി കേരളലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന സമർപ്പിച്ച പ്രോജക്റ്റിന് ഫണ്ട് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിൽ കയ്പ്പാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് രണ്ടാം ഘട്ടമായി നബാർഡ് ആർ.ഐ.ഡി.എഫ് XXVI-ൽ ഉൾപ്പെടുത്തുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ 10.23 കോടി രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിരുന്നെങ്കിലും ലഭ്യമായ ഫണ്ടിലെ സെക്ടറൽ അലോക്കേഷൻ പരിമിതി മൂലം പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | ഒന്നാംഘട്ടത്തിൽ ലഭ്യമായ പത്ത് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പട്ടുവം, ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകളിലെ ഒന്നാം ഘട്ടത്തിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏഴോം പഞ്ചായത്തിലെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ